# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1073** **05.03.2018 -ലെ മറുപടിയ്ക്ക്**

**<u>മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ നോൺ പ്ലാൻ വിഹിതം</u>**

*<u>ചോദ്യം</u>*
ശ്രീ. വി. പി. സജീന്ദ്രൻ

*<u>ഉത്തരം</u>*
പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വയംഭരണം തകർത്ത് രാഷ്ട്രീയ പകപോക്കൽ നടത്തുന്ന സർക്കാരിന്റെയും സിൻഡിക്കേറ്റിന്റെയും നടപടികൾ മഹാത്മാഗാന്ധി സർവ്വകലാശാലയെ സർവ്വനാശത്തിലേക്ക് നയിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നോൺ പ്ലാൻ വിഹിതത്തിൽ **2018-19-ൽ** എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; | (ബി) | മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നോൺ പ്ലാൻ വിഹിതത്തിൽ **2018-19-ൽ** **4.76%** വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (സി) | മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് **2014-15** ലും, **2015-16** ലും നോൺ പ്ലാനിനത്തിൽ എത്ര ശതമാനം വർദ്ധനവാണ് സർവ്വകലാശാലയ്ക്ക് അനുവദിച്ചത്; | (സി) | 2014-15, 2015-16 വർഷങ്ങളിലെ നോൺ പ്ലാൻ വിഹിതത്തിലുണ്ടായിരുന്ന വർദ്ധനവ് 16.66% മാണ്. |
| (ഡി) | ചെറിയ തോതിലുള്ള നോൺ പ്ലാൻ വർദ്ധനവ് സർവ്വകലാശാലയിൽ അപ്രഖ്യാപിത നിയമനനിരോധനം നടപ്പിലാക്കുവാനുള്ള നടപടിയുടെ ഭാഗമാണോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സർവ്വകലാശാലയിൽ നിലവിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ഒഴിവുകളിൽ നിയമാനുസൃതം നിയമനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ